# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4171** | **25.06.2018 ലെ മറുപടി**

### ഓഖി മൂലമുള്ള നാശനഷ്ടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ :** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ഓഖി ദുരന്തത്തെത്തുടർന്ന് വൈപ്പിൻ നിയോജക മണ്ഡലത്തിൽ എന്തൊക്കെ നാശനഷ്ടങ്ങൾ ഉണ്ടായതായാണ് ജലവിഭവ വകുപ്പ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഓഖി ദുരന്തത്തെത്തുടർന്ന് വൈപ്പിൻ ദ്വീപിൽ എടവനക്കാട് പഞ്ചായത്തിൽ അണിയിലിനു സമീപം കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ശക്തമായ തിരമാലകളടിച്ച് കടൽഭിത്തി തകരുകയും റോഡിൽ മണ്ണ് മൂടുകയും ചെയ്തതിനാൽ ഗതാഗതം തടസ്സപ്പെട്ടു. കൂടാതെ എടവനക്കാട് പഞ്ചായത്തിലെ ചാത്തങ്ങാട്, പഴങ്ങാട് എന്നീ സ്ഥലങ്ങളും നായരമ്പലം പഞ്ചായത്തിലെ വെളിയത്താം പറമ്പിലും ഞാറക്കൽ പഞ്ചായത്തിലെ ഐ.സി.എ.ആറിനു സമീപവും എളങ്കുന്നപ്പുഴ പഞ്ചായത്തിലെ ചാപ്പയിലും കടലാക്രമണം മൂലം നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. |
| (ബി) ഓഖി ദുരന്തത്തെത്തുടർന്ന് ഏതെല്ലാം പ്രവൃത്തികൾ നടപ്പാക്കുന്നതിനാണ് വകുപ്പ് രൂപരേഖ തയ്യാറാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) എറണാകുളം ജില്ലയിലെ ചെല്ലാനത്ത് ഓഖി ദുരന്തത്തെത്തുടർന്ന് ജിയോ ട്യൂബ് ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി അഞ്ച് പ്രവൃത്തികൾക്ക് 8 കോടി രൂപയ്ക്ക് നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്.<br><br>വൈപ്പിൻ ദ്വീപിൽ എടവനക്കാട് സി.പി. സ്റ്റോൺ 1136 നും 1139 നും ഇടയിലായി നാല് പുലിമുട്ടുകളുടെ നിർമ്മാണത്തിനായി 3.77 കോടി രൂപയുടെ ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ |

പുരോഗമിച്ചു വരുന്നു.

തീരത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിന് ജിയോസിന്തറ്റിക് ട്യൂബ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണം പരിഗണനയിലാണ്. കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി, ടി പ്രദേശങ്ങളുടെ ഫോട്ടോ സഹിതം യുദ്ധകാലാടിസ്ഥാനത്തിൽ അനുമതി നൽകുന്നതിന് ജില്ലാ ഓഫീസർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

രൂക്ഷമായ കടലാക്രമണം നേരിടുന്ന ആലപ്പുഴ, അമ്പലപ്പുഴ ഭാഗങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖാന്തിരം നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ